പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 2136

11.02.2020-ൽ മറുപടിയ്ക്ക്

ഓച്ചിറ ഗവൺമെന്റ് ആയുർവേദാശുപത്രിയിൽ ലഭിക്കുന്ന സേവനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഓച്ചിറ ഗവൺമെന്റ് ആയുർവേദാശുപത്രിയിൽ രോഗികൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭിക്കുന്നതിന് സൗകര്യമുണ്ടെന്ന് വിശദീകരിക്കാമോ; | (എ) | സ്ഥാപനത്തിൽ ചികിത്സയ്ക്കായി എത്തുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട രോഗികൾക്കും രോഗത്തിനനുസൃതമായി ചികിത്സയും ഔഷധങ്ങളും നൽകുന്നു. ജീവിത ശൈലി രോഗങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും പ്രത്യേക ചികിത്സയും ഔഷധങ്ങളും ലഭ്യമാണ്. കൂടാതെ സേവനാവകാശ നിയമപ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവിടെ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുന്ന സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ; | (ബി) | മെഡിക്കൽ ഓഫീസർ-1<br>ഫാർമസിസ്റ്റ് -1<br>അറ്റൻഡർ-1<br>പാർട്ട് ടൈം സ്വീപ്പർ-1 |
| (സി) | ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഓച്ചിറ സർക്കാർ ആയുർവേദ ഡിസ്പെൻസറി ചതുപ്പ് പ്രദേശം നികത്തി പണി കഴിപ്പിച്ച 15 സെന്റ് സ്ഥലത്താണ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലത്ത് തന്നെ ഒരു അംഗൻവാടി കൂടി പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥലത്ത് കിടത്തി ചികിത്സയ്ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുവാൻ നിലവിലെ അവസ്ഥയിൽ സാദ്ധ്യമല്ല. |

Signature valid

Digitally signed by
SANGEETHA T
Date: 2020.02.12 15:34:46 IST
Reason: Approved